ॐ



**ഏഷനൈമിത്തക: പ്രോക്ത: പ്രളയോ യത്ര വിശ്വസൃക്**
**ശേതേ*f*നന്താസനോ വിശ്വമാത്മസാത് കൃത്യ ചാൻമഭൂ: (12-4-4)**
**ഏഷപ്രാകൃതികോ രാജൻ പ്രളയോ യത്ര ലീയതേ**
**ആണ്ഡകോശസ്തു സാങ്ഘാതോ വിഘാത ഉപസാദിതേ (12-4-6)**
**യദൈവമേതേന വിവേകഹേതിനാ**
**മായാമയാഹങ്കരണാത്മബന്ധനം**
**ഛിത്വാച്യുതാത്മാനുഭവോ*f*വതിഷ്ഠതേ**
**തമാഹുരാത്യന്തികമംഗ സംപ്ലവം (12-4-34)**
**നിത്യദാ സർവ്വഭൂതാനാം ബ്രഹ്മാദീനാം പരന്തപ**
**ഉത്പത്തിപ്രളയാവേകേ സൂക്ഷ്മജ്ഞാ: സംപ്രചക്ഷതേ (12-4-35)**

*ശുകമുനി തുടർന്നു:*

പരീക്ഷിത്തേ, ഇനി വിശ്വത്തിന്റെ വിവിധഘട്ടങ്ങളിലായുള്ള വിഘടനത്തെപ്പറ്റി പറഞ്ഞുതരാം. സൃഷ്ടാവിന്റെ ഒരു ദിവസം - കല്പം എന്നാൽ ആയിരം ചതുർയുഗങ്ങൾ ചേർന്നതാണ്. ഒരു കല്പത്തിന്റെ അവസാനം അത്രയും തന്നെ കാലയളവിൽ പ്രളയമാണ്. അപ്പോഴാണ് സൃഷ്ടാവിന്റെ നിദ്ര. ഇതിന് നൈമിത്തികപ്രളയം എന്ന് പറയും. സൃഷ്ടാവും, ഭഗവാൻ നാരായണനും നിദ്രയിലാണ്ട് സൃഷ്ടികളെ മുഴുവൻ അവയുടെ സത്തയിലേക്ക് പിൻവലിപ്പിക്കുന്നു. എന്നാൽ ബ്രഹ്മാവിന്റെ ജീവിതകാലം കഴിയുമ്പോൾ മഹത്ത്, അഹങ്കാരം, സൂക്ഷ്മഭൂതങ്ങൾ, എന്നിവചേർന്ന കാരണതത്വങ്ങൾ പ്രകൃതിയിൽ അലിയുന്നു. ഇതിന് പ്രാകൃതികപ്രളയം എന്നു പേർ. ഇതിനു മുൻപ് നീണ്ടൊരു കാലഘട്ടം വരൾച്ചയായിരിക്കും. അതിനുശേഷം അത്യുഗ്രമായ ചൂടുമായിരിക്കും. സൂര്യനിൽനിന്നും ഭൂമിക്കടിയിൽ നിന്നും കഠിനതാപത്താലും കൊടുങ്കാറ്റിനാലും വിശ്വം മുഴുവനും മൂലരൂപത്തിലുള്ള ഒരു ഘടകമായിത്തീരും. ഇതാണ് വിശ്വാണ്ഡം. ഈ വിശ്വാണ്ഡം കാരണസമുദ്രത്തിൽ ഒഴുകി നടക്കും. പ്രകൃതിയും (ഇനിയും പ്രകടിതമാവാത്ത സഹജഗുണം) പരമപുരുഷനും വിശ്വബോധത്തിലേക്കുൾവലിഞ്ഞ് എല്ലാ വിശദീകരണങ്ങൾക്കും വർണ്ണനകൾക്കും അതീതമായി നിലകൊള്ളും. എന്തെല്ലാം ഉണ്ടായിരുന്നുവോ, ഇപ്പോഴുണ്ടോ, ഇനിയുണ്ടാകുമോ അതെല്ലാം വിശ്വബോധമൊന്നു മാത്രം. യാതൊന്നും ഇതിൽനിന്നും വേർപെട്ടു നിലകൊള്ളുന്നില്ല. ബുദ്ധി, ഇന്ദ്രിയങ്ങൾ, അവയുടെ വിഷയങ്ങൾ ഇവയെല്ലാം ബോധത്തിൽ മൂലാധിഷ്ഠിതമത്രെ. ഉണർന്നിരിക്കുന്ന അവസ്ഥ, സ്വപ്നാവസ്ഥ, സുഷുപ്തി എന്നിവയും ഈ ബോധത്തെ ആശ്രയിച്ചിരിക്കുന്നു. ആകാശത്ത് മേഘങ്ങൾ രൂപപ്പെട്ടു മറയുന്നതുപോലെ വിശ്വം പ്രകടിതവും അപ്രകടിതവുമായി അനന്തനായ ആ വിശ്വജീവിയിൽ കാണപ്പെടുന്നു. സൂര്യതാപത്താൽ ഉണ്ടാവുന്ന മേഘം സൂര്യനെത്തന്നെ നമ്മുടെ ദൃഷ്ടിയിൽ നിന്നു മറയ്ക്കുന്നതുപോലെ അഹങ്കാരം, ബോധജന്യമെങ്കിലും, ആ ബോധത്തെത്തന്നെ മറയ്ക്കുന്നു. മേഘം ഇല്ലാതാവുമ്പോൾ സൂര്യനെ കാണാം. അഹങ്കാരം മായുമ്പോൾ ബ്രഹ്മത്തെ ദർശിക്കാം. ഇതാണ് ആത്യന്തിക പ്രളയം. ആത്മാവിലെ അവസാനത്തെ പ്രളയം ഇതാണ്. മാത്രമല്ലാ മഹർഷിമാരുടെ പ്രഖ്യാപനമെന്തെന്നാൽ എല്ലാവരും അനുനിമിഷം പ്രളയമനുഭവിക്കുന്നു എന്നാണ് - നിത്യപ്രളയം. കാരണം, നിരന്തരമായി സൃഷ്ടിയും സംഹാരവും നടക്കുന്നു. അഗ്നിസ്ഫുരണങ്ങൾ, തിരമാലകൾ എന്നുവേണ്ട വിശ്വനിർമ്മിതിയിലെ എല്ലാ ഘടകപദാർത്ഥങ്ങളും അനുനിമിഷം സൃഷ്ടിസംഹാരവിധേയമാണ്. നിങ്ങൾ ജനിച്ചുവെന്നും, ഇനി മരിക്കുമെന്നുമുള്ള മൂഢവിശ്വാസം ഉപേക്ഷിച്ചാലും. ഇതെല്ലാം അജ്ഞാനിയായ ജീവന്റെ നിദ്രാവസ്ഥയത്രെ. മനസ്സുമാത്രമാണ് സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുന്നത്. മനസ്സ് മായാ സന്താനവുമാണ്. ശരീരവും അതിന്റെ ജനനമരണാവസ്ഥകളും മായാവിക്ഷേപങ്ങളത്രെ. ‘‘ഞാൻ അനന്തനായ ബ്രഹ്മവും പരമസത്തയും ലക്ഷ്യവുമാണ്.’’ എന്ന സത്യബോധത്തിൽ അടിയുറച്ചിരിക്കുക. ഞാൻ എന്റെ ആത്മാവിനെപ്പറ്റിയും ഭഗവാൻ ഹരിയുടെ ദിവ്യകർമ്മങ്ങളെപ്പറ്റിയും അങ്ങേയ്ക്കു പറഞ്ഞുതന്നുകഴിഞ്ഞു. കേൾക്കാൻ കൊള്ളുന്നതായി മറ്റെന്തുണ്ട്?